നം: എച്ച്2/11081/2015.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തൃശൂർ, തിയതി: 18.06.2015

പ്രേഷിതൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശൂർ.

സ്വീകർത്താവ്

എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും,

സർ,

വിഷയം: പൊതു വിദ്യാഭ്യാസം-പ്ലാൻ സ്കീം-കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികൾക്കുള്ള ധനസഹായം -2015-16 -സംബന്ധിച്ച്

സൂചന: പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05.06.2015-ലെ പി.എൽ3/ 40152/2015/ഡിപിഐ നമ്പർ സർക്കുലർ.

*****

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കലകളിൽ ശോഭിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കുടുംബവാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുഡി, മോഹിനിയാട്ടം, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ പങ്കെടുത്ത് ജില്ലാതലത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്ത കുട്ടികൾക്ക് 10,000/- രൂപ വീതം ധനസഹായത്തിന് അർഹതയുണ്ട്. ഗവൺമെന്റ്, എയ്ഡഡ്, സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.

മേൽ പ്രസ്താവിച്ച പ്രകാരം യോഗ്യതയുള്ള കുട്ടികളുടെ ലിസ്റ്റും താഴെ പറയുന്ന രേഖകൾ സഹിതം 26.06.2015 നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

1. ബന്ധപ്പെട്ട മത്സരത്തിൽ ലഭിച്ച സർട്ടിഫിക്കറ്റുകളുടെ പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. ഇപ്പോൾ പഠിക്കുന്ന വിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകന്റെ സാക്ഷ്യപത്രം.
3. വരുമാനം തെളിയിക്കുന്ന വില്ലേജ് ആഫീസർ നൽകിയ സാക്ഷ്യപത്രം. അസ്സൽ വരുമാന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (6 മാസത്തിനുള്ളിൽ ലഭിച്ചത്)
4. നിശ്ചിത പ്രഫോർമ പൂരിപ്പിച്ചത്.

മുകളിൽ പറഞ്ഞ രേഖകളെല്ലാം ഉൾകൊള്ളിച്ച് 26.06.2015-ന് മുമ്പായി ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് നിശ്ചിത പ്രഫോർമയിൽ ക്രോഡീകരിച്ച റിപ്പോർട്ട് ഈ ആഫീസിലേക്ക് സമർപ്പിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. എൽ.പി, ഹയർ സെക്കന്ററി വിഭാഗങ്ങൾ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

ഉൾചേർപ്പ്: പ്രൊഫോർമ.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപഡയറക്ടർ,തൃശൂർ

കെകെഎസ്/18/6

കഴിഞ്ഞ വർഷത്തെ കത്തിന്റെ പകർപ്പ്
അറിവിലേക്കായി നൽകുന്നു. 23/7/16

DISTRICT EDUCATIONAL OFFICER THRISSUR

Scanned by CamScanner

റവന്യൂ ജില്ലയുടെ പേര് ..................................................................

| ക്രമ നം | കുട്ടിയുടെ പേര് | സ്കൂളിന്റെ പേര് | സർക്കാർ/ എയ്ഡഡ് | കുടുംബ വാർഷിക വരുമാനം | സബ്ജില്ലയിൽ പങ്കെടുത്ത ഇനം | സബ്ജില്ലയുടെ പേര് | വർഷം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Scanned by CamScanner